14/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 362*(2)/2020*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

**(ഫയൽ നമ്പർ 2816/*എസ്.ഐ.സി-ജി 6/20*)**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.പോൾ പി.ജിമ്മി,
പൂവ്വേലിൽ,
കിങ്ങിണിമറ്റം, കോലഞ്ചേരി,
എറണാകുളം, പിൻ - 682 311.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& ജൂനിയർ സൂപ്രണ്ട് (ഭൂപരിഷ്ക്കരണം), കളക്ടറേറ്റ്, എറണാകുളം.**
2. **അപ്പീൽ അധികാരി, ജില്ലാ കളക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ, കാക്കനാട്, കൊച്ചി, പിൻ - 682 030.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.10.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19.12. 2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.02.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.02.2020 |
| ഹിയറിംഗ് നടന്ന തീയതി | 10.01.2023, ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കു ലഭിച്ച മറുപടി തൃപ്തികരമ ല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 24.10.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) SEIAAഅഡ്മിനിസ്ട്രേറ്ററുടെ 07/09/2019ലെ 2888/A1/2019/SEIAA നമ്പർ കത്തു പ്രകാരം റിപ്പോർട്ടു നൽകിയിട്ടുണ്ടോയെന്നും

2) ഉണ്ടെങ്കിൽ മേൽപ്പടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 13.02.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ സൂചനയായി കാണിച്ചിട്ടുള്ള SEIAA യുടെ 07/09/2019ലെ 2888/A1/2019/SEIAA നമ്പർ റിപ്പോർട്ട് ടി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ലെന്നും,

1) SEIAA യുടെ 07/09/2019ലെ കത്ത് ലഭ്യമായതായി കാണുന്നില്ലെന്നും ആയതിനാൽ ടിയാൻ സൂചിപ്പിക്കുന്ന റിപ്പോർട്ട് സംബന്ധിച്ച് അറിയാൻ സാധിക്കുന്നില്ലെന്നും
2) ഫയൽ നമ്പർ ലഭ്യമാക്കിയാൽ അനുവദിക്കാവുന്നതാണെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച 24.10.2019ലെ 6(1) അപേക്ഷയ്ക്ക് 13.02.2020ലാണ് മറുപടി നൽകിയ തായി കാണുന്നത്. ഇപ്രകാരം വിവരാവകാശ നിയമം വകുപ്പ് 7(1)ന്റെ ലംഘനം നടത്തിയ പരാമർശിതകാലയളവിലെ ഒന്നാം എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ടി എതിർകക്ഷി യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. പ്രസ്തുത എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകര ണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പി ക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

കൂടാതെ വിവരാവകാശ നിയമം വകുപ്പ് 19(6) പ്രകാരം ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കിയിട്ടില്ലെന്നും കമ്മീഷനു ബോധ്യമാകുന്നു. ആയതു സംബന്ധിച്ച വിശദീകരണം ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം കമ്മീഷ നിൽ സമർപ്പിക്കണമെന്നു രണ്ടാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

4. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/